കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നേമം അസംബ്ലി നിയോജകമണ്ഡലം - ആസ്തി വികസന പദ്ധതി - ഭരണാനുമതി ലഭ്യമായ തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി നൽകി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നമ്പർ.3842/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 28/11/2017

---

പരാമർശം :- (1) സ.ഉ. (സാധാ) 3078/2016/തസ്വഭവ. തീയതി 11.11.2016.
(2) സ.ഉ. (സാധാ) 1140/2017/തസ്വഭവ. തീയതി 11.04.2017.
(3) സ.ഉ. (സാധാ) 1623/2017/തസ്വഭവ. തീയതി 18.05.2017.
(4) സ.ഉ. (സാധാ) 1633/2017/തസ്വഭവ. തീയതി 19.05.2017.
(5) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.09.2017 ലെ ഡിബി1/11481/17/സിഇ/എൽ.എസ്.ജി.ഡി നമ്പർ കത്ത്.

ഉത്തരവ്

പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയ നേമം അസംബ്ലി നിയോജക മണ്ഡലത്തിന്റെ ആസ്തി വികസന പദ്ധതി പ്രകാരം നടപ്പാക്കേണ്ട പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ഡെപ്പോസിറ്റ് വർക്കായിട്ട് നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (5) ലെ കത്തിലൂടെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു.

(2) നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) മുതൽ (4) വരെയുള്ള സർക്കാർ ഉത്തരവുകളിലൂടെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ മുഖാന്തിരം ഡെപ്പോസിറ്റ് വർക്കായിട്ട് നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശത്തിലെ സർക്കാർ ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
മിനിമോൾ.ഡി
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്തുകളും, പാലങ്ങളും), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ധനകാര്യ വകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ